(ബി) വളരെക്കാലമായി സേവനം അനുഷ്ഠിച്ചുവരുന്ന ഇവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എങ്കിൽ എന്തുകൊണ്ടെന്നും എത്ര പേർക്കെതിരെ ഇത്തരത്തിൽ നടപടിയെടുത്തുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലിയേറ്റീവ് കെയർ പദ്ധതിയിൽ പ്രാഥമിക തലത്തിൽ ജോലി ചെയ്യുന്ന നഴ്സുമാർക്ക് നിലവിൽ 6,000 രൂപയാണ് പ്രതിമാസം ഓണറേറിയം നൽകുന്നത്. ഈ ഓണറേറിയം ഓരോ പഞ്ചായത്തും തനത് വർഷത്തെ പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്ന പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ എൻ.ആർ.എച്ച്.എം.വഴി കരാർ അടിസ്ഥാനത്തിൽ സ്റ്റാഫ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് നിലവിൽ 13,900 രൂപയാണ് പ്രതിമാസ ശമ്പളം. ഈ തുക എൻ.എച്ച്.എം. പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്നാണ് നൽകുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പെൻഷൻ പ്രായം

63 (8123) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടോ ;

(ബി) പെൻഷൻപ്രായം ഉയർത്തിയ തസ്തിക ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡോക്ടർമാരുടെ ദൗർലഭ്യവും സമീപഭാവിയിൽ പകർച്ചവ്യാധികൾ മുതലായവ നേരിടേണ്ട ആവശ്യവും കണക്കിലെടുത്ത് 2014 ആഗസ്റ്റ് 31 വരെ റിട്ടയർ ചെയ്യുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാർക്ക് 6 മാസത്തേക്ക് സേവന കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ എല്ലാ വിഭാഗം ഡോക്ടർമാരുടെയും സേവന കാലാവധി 6 മാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം

64 (8124) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടും ബന്ധപ്പെട്ട് കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ആശുപത്രിയിലെ ഐ.സി.യു.വിലും ഓപ്പറേഷൻ തിയേറ്ററിലുമുൾപ്പെടെയുള്ള സർജിക്കൽ ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കുക, ഐ.സി.യൂണിറ്റ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ ഇടയ്ക്കിടെ സ്റ്റെറിലൈസ് ചെയ്യുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലയാണ്.